# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുപുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .റ്റി.വി.എം..ജി.പി 1/1635/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 20/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുപുറം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ .റ്റി.വി.എം..ജി.പി 1/1635/2023 തീയ്യതി: 20/12/2023

**തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-10-2023 | 18-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-10-2023 | 18-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സിന്ധുലാബീവി എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. അനിൽ കുമാർ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുനിതാബാബു ബി.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അൻവർരാജ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേഷ് ജെ. | പ്രസിഡന്റ് | 01-04-2022 | 12-09-2022 |
| ശ്രീമതി ഷീന എസ് ദാസ് | പ്രസിഡന്റ് | 13-09-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. ഹരിൻ ബോസ്.എ | സെക്രട്ടറി | 01-04-2022 | 25-06-2022 |
| ശ്രീ. കൃഷ്ണകുമാർ .ബി.കെ | സെക്രട്ടറി | 04-07-2022 | 11-10-2022 |
| ശ്രീ. ഹരി .ജി.എസ് | സെക്രട്ടറി | 19-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. നിബിൻ .പി.എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.വിജേഷ് | വെറ്റിനറി സർജൻ | 01-04-2022 | 28-01-2023 |
| ഡോ. ആനി ബ്രിസ്റ്റില്ല | വെറ്റിനറി സർജൻ | 29-01-2023 | 31-03-2023 |
| ഡോ. സുബി | മെഡിക്കൽ ഓഫീസർ പിഎച്ച്സി | 01-04-2022 | 31-03-2023 |
| ഡോ. ഇന്ദു .ജി കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി മിനിമോൾ | വി ഇ ഒ | 01-04-2022 | 31-10-2022 |
| ശ്രീമതി മഞ്ജുഷ .എ.എസ് | വി ഇ ഒ | 05-11-2022 | 31-03-2023 |
| ശ്രീമതി വിഷ്ണുപ്രിയ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. രത്നരാജ് .പി.റ്റി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ആശ എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രസന്നകുമാർ .പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി മിനി കെ. നായർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-12-2022 |
| ശ്രീമതി സിന്ധു | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അസറ്റുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ ഓഡിറ്റിന് സമർപ്പിച്ചില്ല | 1-1-2 |
| 4 | ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയെ അധികരിച്ചിരിക്കുന്നു. | 1-1-3 |
| 5 | വരവിനെക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു. | 1-1-4 |
| 6 | ഓപ്പണിംഗ് ബാലൻസ് മുൻ വർഷത്തെ ക്ലോസിംഗ് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | വാർഷിക അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. | 1-1-6 |
| 8 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയില്ല | 1-1-8 |
| 10 | സ്റ്റോക്ക് മൂല്യ നിർണയം നടത്തിയിട്ടില്ല. | 1-1-9 |
| 11 | Directly Debited By Bank ആയി ഉൾപ്പെടുത്തിയ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-10 |
| 12 | വാർഷികധനകാര്യപത്രികയിലെ മറ്റ് അപാകതകൾ | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | വികസനഫണ്ട് സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള തുകയുടെ വരവു ചെലവു വിവരം ചുവടെ ചേർക്കുന്നു. | 1-4-1 |
| 17 | പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റ് പൂർണമായും ചെലവഴിച്ചിട്ടില്ല | 1-4-2 |
| 18 | പദ്ധതി അവലോകനം- | 1-5 |
| 19 | ക്ഷേമപദ്ധതികൾ | 1-6 |
| 20 | മരണശേഷവും പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല - പെൻഷൻ തുക വിതരണം ചെയ്തിരിക്കുന്നു | 1-6-1 |
| 21 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 23 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | രസീത് പുസ്തകങ്ങൾ പരിപാലിക്കുന്നതിൽ അപാകതകൾ | 1-11 |
| 26 | ലേലം- മുഴുവൻ തുകയും ഒടുക്കുവരുത്തിയില്ല തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-12 |
| 27 | ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ വീഴ്ച | 1-13 |
| 28 | തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും പിരിച്ചെടുത്തിട്ടില്ല | 1-14 |
| 29 | മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്. | 1-15 |
| 30 | ടെൻഡർ ഫോം വില-ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-16 |
| 31 | ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തി-അപാകങ്ങൾ | 1-17 |
| 32 | രജിസ്റ്ററുകളുടെ പരിപാലനം ഉറപ്പാക്കേണ്ടതാണ്. | 1-18 |
| 33 | വരവിനങ്ങളിൽ ചെക്ക് പ്രകാരം ലഭിച്ച തുക (47,490/-രൂപ) നാളിതുവരെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല | 1-19 |
| 34 | മഴക്കാലപൂർവ ശുചീകരണം-ചെലവ് രേഖകൾ ലഭ്യമല്ല, 1,40,000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| 35 | ലൈഫ് ഭവന പദ്ധതി - അവലോകനം | 1-21 |
| 36 | ഹരിതകർമസേനയുടെ പ്രവർത്തനങ്ങളിൽ ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം | 1-22 |

| | | |
|---|---|---|
| | ഉറപ്പുവരുത്തുന്നില്ല | |
| 37 | എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണചെലവുകൾക്കായി ലഭ്യമായ തുക വരവു ഹെഡിൽ പൂർണമായി ഉൾപ്പെടുത്തിയിട്ടില്ല | 1-23 |
| 38 | ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിനു ലഭ്യമാക്കിയില്ല. | 1-24 |
| 39 | വെറ്ററിനറി സർജൻ നിർവ്വഹിച്ച പദ്ധതികളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല-282919/-രൂപ തടസ്സപ്പെടുത്തുന്നു | 1-25 |
| 40 | നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും രണ്ട് വ്യത്യസ്ത മാസങ്ങളിലായി വാങ്ങിയ മരുന്നുകൾക്ക് ഒരേ ബിൽ നമ്പർ -വിശദീകരണം നൽകിയിട്ടില്ല. | 1-26 |
| 41 | എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കിയില്ല | 1-27 |
| 42 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ഔഷധി കരാർ നിബന്ധന പാലിച്ചില്ല | 1-28 |
| 43 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 801168/-രൂപ തടസ്സപ്പെടുത്തുന്നു | 1-29 |
| 44 | നിക്ഷേപപ്രവൃത്തികളുടെ നിർവ്വഹണം അപാകതകൾ | 1-30 |
| 45 | പ്രോജക്ട് നിർവ്വഹണം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-31 |
| 46 | ചികിത്സാ സഹായം രേഖകൾ ലഭ്യമാക്കിയില്ല - ചെലവ് തുകയായ 48000/-രൂപ തടസ്സപ്പെടുത്തുന്നു | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.08.2023 ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 11.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തിരുപുറം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുപുറം ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 അസറ്റുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല

തൻവർഷം ആർജിച്ചിട്ടുള്ള അസറ്റുകളുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ:- ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾക്കായി 488604/-രൂപ ചെലവഴിച്ച് ഇലക്ട്രിക് വാഹനം വാങ്ങിയിട്ടുണ്ട്. ആയത് ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലുള്ള ഓപ്പണിംഗ് ബാലൻസ് മാത്രം അസറ്റിൽ ചേർത്തിട്ടുണ്ട്. ആയത് ഏതു വർഷം തയ്യാറാക്കിയ അസറ്റ് രജിസ്റ്ററിനെ ആസ്പദമാക്കിയുള്ളതാണെന്ന് വ്യക്തമല്ല.

## 1-1-2 വാർഷിക ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ ഓഡിറ്റിന് സമർപ്പിച്ചില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 9 (1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ അക്കൗണ്ടുകൾ ആ സാമ്പത്തിക വർഷം അവസാനിച്ച് നാലു മാസത്തിനകം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക AIMS സോഫ്റ്റ്‌വെയർ മുഖേന ഓഡിറ്റിന് സമർപ്പിച്ചത് 11.08.2023 നാണ്.കാലതാമസം കൂടാതെ വാർഷിക ധനകാര്യ പത്രിക സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

## 1-1-3 ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയെ അധികരിച്ചിരിക്കുന്നു.

ആസ്തി കൃത്യമായി ചേർക്കാതെ ഡിപ്രീസിയേഷൻ ഓരോ വർഷവും ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ആസ്തിയേക്കാൾ ഡിപ്രീസിയേഷൻ അധികരിച്ചിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഇനം | ആസ്തി | ഡിപ്രിസിയേഷൻ |
|---|---|---|
| റോഡ് & പാലം | 1,35,72,766 | 3,02,92,900 |

## 1-1-4 വരവിനെക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു.

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനെക്കാൾ (128473589/-) കൂടുതൽ തുക ചെലവിനത്തിൽ (133989672/-) ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് അക്കൗണ്ടിംഗ് നിയമങ്ങൾക്ക് വിരുദ്ധമാണ്.

## 1-1-5 ഓപ്പണിംഗ് ബാലൻസ് മുൻ വർഷത്തെ ക്ലോസിംഗ് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

ഓപ്പണിംഗ് ബാലൻസ് എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിൽ (നം.37283593559) 5/- രൂപ കൂടുതലായി കാണുന്നു. (2021-22 AFS പ്രകാരം നീക്കിയിരിപ്പ് – 1010772/- രൂപ , 2022-23 AFS പ്രകാരം മുന്നിരിപ്പ് – 1010777/- രൂപ)

## 1-1-6 വാർഷിക അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1-7 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalents ആയി രേഖപ്പെടുത്തിയ തുകയും (907949/-) ഇതേ പത്രികയിലെ Net Cash Generated By Operating+ Investing+financing Activity (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (31851580/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-8 ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയില്ല

വാർഷിക ധനകാര്യ പത്രികയിൽ RP-40(b) ഷെഡ്യൂൾ പ്രകാരം Nationalised Bank Account Of Own Revenue Fund ൽ 2,13,713/- രൂപയും. SBT (Own Fund) – (57048217019) ൽ 12,333/- രൂപയും District Co-Operative Bank (20161201200012) ൽ 32,65,164/- രൂപയും അവശേഷിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ബാലൻസ് പരിശോധിക്കുന്നതിനായി പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-1-9 സ്റ്റോക്ക് മൂല്യ നിർണയം നടത്തിയിട്ടില്ല.

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-10 Directly Debited By Bank ആയി ഉൾപ്പെടുത്തിയ തുകകൾ ക്രമീകരിച്ചിട്ടില്ല

കാനറാ ബാങ്ക് തനതു ഫണ്ട് അക്കൗണ്ടിന്റെ (Ac/No:110037464360) മാർച്ച് 2023 ലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ (47,490/-രൂപ) പണമാകാതെ അവശേഷിക്കുന്നു. ആയത് ക്രമീകരിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

## 1-1-11 വാർഷികധനകാര്യപത്രികയിലെ മറ്റ് അപാകതകൾ

1) തൊഴിൽ രഹിത വേതനം ഇനത്തിൽ 120/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. (ബിൽ നം: 23 ; BRN 22020252001801374226 തിയതി : 24/3/2023)

2) ഡെപ്പോസിറ്റ് വർക്കിനത്തിലെ തുക നിശ്ചിത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. 12,13,101/- രൂപ തൻവർഷം ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷനായി കെ.എസ്.ഇ.ബി.യ്ക്ക് നൽകിയിട്ടുണ്ട് . ആയത് RP-49(P) ൽ ഉൾപ്പെട്ടിട്ടില്ല . കൂടാതെ മേൽ തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത 1142186/-രൂപ B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല

3) എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണചെലവുകൾക്കായി ലഭ്യമായ തുക വരവു ഹെഡിൽ പൂർണമായി ഉൾപ്പെടുത്തിയിട്ടില്ല. 87,745/- രൂപ കുറവായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 16, തീയതി 13/10/23 &നം:28 തീയതി: 19/10/23 ) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

സോഫ്റ്റ് വെയറിലെ തെറ്റു മൂലമാണ് ഓപ്പണിംഗ് ബാലൻസിൽ 5/-രൂപ വ്യത്യാസം കാണുന്നത് . ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സോഫ്റ്റ് വെയറിൽ ജനറേറ്റ് ചെയ്തു വരുന്ന റിപ്പോർട്ട് ആയതിനാൽ ആധികാരികത വ്യക്തമല്ല. ഡിപ്രീസിയേഷൻ, ഡിമാന്റ്, അഡ്ജസ്റ്റ്മെന്റ് എന്നിവയ്ക്ക് ജേണൽ എൻട്രി പേയ്മെന്റ് ഭാഗത്തു വരുന്നതിനാലാണ് ഇൻകം & എക്സ്പെൻഡിച്ചറിൽ വരവിനെക്കാൾ ചെലവ് കൂടിയിരിക്കുന്നത്. അഡ്വാൻസ് തുകകൾ വരും സാമ്പത്തിക വർഷത്തിൽ ക്രമീകരിച്ച് സമർപ്പിക്കുന്നതാണ്.

പ്രസ്തുത മറുപടികൾ പൂർണമായും അംഗീകരിക്കാൻ കഴിയില്ല. രസീതുകൾ ലഭ്യമാകുന്ന മുറയ്ക്ക് തന്നെ ഗ്രാന്റ് വരവ് ഉൾപ്പെടെ നിശ്ചയിച്ചിട്ടുള്ള ശീർഷകങ്ങളിൽ വരവായി രേഖപ്പെടുത്താത്തതിനാലാണ് വരവിനങ്ങളിൽ യഥാർത്ഥ തുക പ്രതിഫലിക്കാത്തത്. പല ഗ്രാന്റുകളും 31/03/2023 ൽ ജേണൽ എൻട്രി നൽകിയാണ് വരവിൽ ബുക്ക് ചെയ്തിരിക്കുന്നത്. ചെലവു തുകകൾ അതാത് ശീർഷകങ്ങളിൽ യഥാസമയം ജേണൽ നൽകി ക്രമീകരിക്കുകയോ ഇതു സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. (അഡ്വാൻസ്, ഡെപ്പോസിറ്റ് തുടങ്ങിയവ). ആയതിനാൽ 31/03/2023 ന് കൃത്യത ഇല്ലാത്ത തുകകൾ ബാങ്ക് ബാലൻസിനനുസൃതമായി ജേണൽ നൽകി വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയിരിക്കുന്നു. അക്കൗണ്ട്സ് ചട്ടം പാലിച്ചുകൊണ്ട് യഥാസമയം ആവശ്യമായ രേഖപ്പെടുത്തൽ നൽകി വരവു ചെലവുകൾ അതാത് ഹെഡുകളിൽ ബുക്ക് ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഭരണസമിതിയുടെ 24/3/22-ലെ (1/1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച, ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,92,57,238/- |
| വരവ് | 14,11,53,000/- |
| ആകെ | 16,04,10,238/- |
| ചെലവ് | 14,14,45,355/- |
| നീക്കിയിരിപ്പ് | 1,89,64,883/- |

ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട ഫയൽ , പരിഷ്കരിച്ച ബഡ്ജറ്റ് എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം:21,തിയതി :13/10/23)

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 18419556/- |
| ഓഡിറ്റ് വർഷത്തെ വരവ് | 26565705 |
| ആകെ വരവ് | 44985261/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 25657756/- |
| നീക്കിയിരിപ്പ് | 19327505/- |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്), സാമൂഹ്യ സുരക്ഷ പെൻഷനുകൾ എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11706435 | 11706435 | 13072612 | (-1366177) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3635019 | 3635019 | 3405726 | 229293 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 7228566 | 7228566 | 1549793 | 5678773 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 2499354 | 2499354 | 2759448 | (-260094) |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 6807000 | 6807000 | 6037291 | 769709 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4742000 | 4742000 | 4403954 | 338046 |
| CSS | 0 | 0 | 0 | 1345307 | (-1345307) |

A) വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയുടെ വരവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്താതെയും ചെലവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്തിയുമാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് ഗ്രാന്റ് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

B) ധനകാര്യ കമ്മിഷൻ ഗ്രാന്റ് മുൻ സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തൻ വർഷത്തെ മുന്നിരിപ്പായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

C) വികസന ഫണ്ട് ജനറൽ, CFC-untied എന്നിവയുടെ നീക്കിയിരിപ്പിൽ നെഗറ്റീവ് കാണുന്നു.

## 1-4-1 വികസനഫണ്ട് സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള തുകയുടെ വരവു ചെലവു വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തുക | ആകെ സോഴ്സ് ഡിഡക്ഷൻ | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ ചെലവഴിച്ച തുക (സുലേഖ പ്രകാരം) | ബാലൻസ് / ലാപ്സ് ആയ തുക | ചെലവു ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,44,41,000/- | 27,34,565 | 13072612 | 1368388 | 90.52% |
| വികസനഫണ്ട് (എസ്.സി.പി) | 0 | 38,06,000/- | 1,70,981 | 3405726 | 400274 | 89.48% |

ധനകാര്യകമ്മിഷൻ ഗ്രാന്റ് വരവു ചെലവു വിവരം

| ഗ്രാന്റ് | | വരവ് (പലിശ ഉൾപ്പെടെ) | ചെലവ് (സുലേഖ പ്രകാരം) | ലാപ്സ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ടൈഡ് | 2020-21, 2021-22 വർഷങ്ങളിലെ തുക ക്യാരിഓവറായി ലഭിച്ചത് | 3891566 | 556535 | 3335031 | 0 |
| Untied | 2020-21, 2021-22 വർഷങ്ങളിലെ തുക ക്യാരിഓവറായി ലഭിച്ചത് | 274354 | 0 | 274354 | 0 |
| ടൈഡ് | PFMS മുഖാന്തിരം ലഭിച്ചത് | 3337000 | 993258 | --- | 2343742 |
| അൺടൈഡ് | PFMS | 2364761 | 2759448 | --- | (-394687) |

| | | | | | |
|---|---|---|---|---|---|
| | മുഖാന്തിരം ലഭിച്ചത് | | | | |

A) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾക്കൊന്നും ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

B) സി.എഫ്.സി ഗ്രാന്റ് മുൻ വർഷത്തെ ക്യാരി ഓവറായി ട്രഷറി മുഖാന്തിരം ലഭിച്ച തുകകൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത തുക നഷ്ടമായിരിക്കുന്നു. ധനകാര്യ കമ്മിഷൻ ഗ്രീന്റ് ചെലവഴിക്കുന്നതിന് സുലേഖ പ്രകാരം പദ്ധതികൾ തയ്യാറാക്കിയിരുന്നെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല (പദ്ധതി അടങ്കൽ/-14079279 രൂപ ചെലവ് 4309241 - /- രൂപ).

ഗ്രാന്റിനത്തിൽ ലഭ്യമാകുന്ന തുകകൾ നഷ്ടപ്പെടാതെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഭരണസമിതിയും നിർവഹണോദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-4-2 പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റ് പൂർണമായും ചെലവഴിച്ചിട്ടില്ല

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച ശുചിത്വമിഷൻ ഗ്രാന്റ് ,ഈ വർഷവും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100162 | Sarva Siksha Abhiyan | 310000 |
| 320100196 | Integrated Child Development Scheme | 10,92,045 |
| 320100198 | Grant From Suchitwa Mission | 19,97,120 |
| 320100199 | Grant For Keralolsavam | 20,000 |
| 320300199 | Grants, Funds & Contributions For Specific Purposes Other Govt Agencies | 31,86,295 |
| 320400101 | Grants, Funds & Contributions For Specific Purposes -Nabard Assistance | 2576 |

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുകകൾ ഇത്തരത്തിൽ ചെലവഴിക്കാതെ അവശേഷിച്ചിരിക്കുന്നതിന്റെ കാരണം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി മുഖാന്തിരം (നം:16 തിയതി:13/10/23) ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുകകൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ചെലവഴിക്കുകയോ അവശേഷിക്കുന്നവ തിരികെ ഒടുക്കുവരുത്തുകയോ ചെയ്യേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം-

**ഫണ്ട് വിനിയോഗം**

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


**(എ)**

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|


| | | | |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 14441000 | 13072612 | 1368388 |
| വികസനഫണ്ട് എസ്.സി.പി | 3806000 | 3405726 | 400274 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 4742000 | 4403954 | 338046 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6807000 | 6037291 | 769709 |
| **ആകെ** | **29796000** | **26919583** | **2876417** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




**(ബി)** 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | വിഹിതം ഉൾപ്പെടെ) | | |
| കൃഷി ഓഫീസർ | 6 | 6 | 0 | 1330610 | 1242202 | 93.36 |
| വെറ്റിനറി സർജൻ | 8 | 7 | 1 | 4149000 | 2293469 | 55.28 |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 10 | 7 | 3 | 2867421 | 2127253 | 74.19 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | | | | | | |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 0 | 635000 | 634916 | 99.99 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28 | 16 | 12 | 25091108 | 6020041 | 23.99 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15 | 15 | 0 | 5435610 | 3934722 | 72.39 |
| സെക്രട്ടറി | 42 | 26 | 16 | 12343598 | 7543794 | 61.11 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 61 | 37 | 24 | 24749063 | 11965618 | 48.35 |
| ഹെഡ് മാസ്റ്റർ | 3 | 3 | 0 | 385100 | 260483 | 67.64 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 8500000 | 1500000 | 56.67 |
| | | | | | | |
| ഫിഷറീസ് ഓഫീസർ | 2 | 2 | 0 | 450000 | 179415 | 39.87 |

**(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 16682452 | 13072612 | 78.4 |
| എസ്.സി.പി. | 4091490 | 3405726 | 83.2 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 14079279 | 4309241 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 11915888 | 1345307 | 11.3 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1600000 | | |
| തനത് ഫണ്ട് | 5688419 | 2291432 | 40.1 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 1467250 | 412075 | 20.1 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 1697250 | 425075 | 25 |
| മെയിന്റനൻസ്  റോഡ് | 7046572 | 6037291 | |

| | | | |
|---|---|---|---|
| മെയിന്റനൻസ് റോഡിതരം | 5749127 | 4403954 | 76.6 |
| മറ്റുള്ളവ | 8630622 | 1349200 | 15.63 |
| ആകെ | 78936510 | 37051913 | 46.93 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 179 | 122 | 57 | 70305888 | 35702713 | 50.78 |

**ആസൂത്രണ സമിതി**

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1 അനുസരിച്ച്, ഭരണസമിതിയുടെ 14.12.2021ലെ നം.2(1) തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തണമെന്നുണ്ട്. ഇപ്രകാരം പ്രസിദ്ധീകരിച്ചിട്ടില്ല എന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറി നമ്പർ 1/09.10.23നു ലഭിച്ചത്.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം - ഉപപദ്ധതി തയ്യാറാക്കുന്നതിനായി യോഗം കൂടിയിട്ടില്ല, 2022-23 വാർഷിക പദ്ധതി രൂപീകരണത്തിനായി 14/12/2021 ൽ ആസൂത്രണ സമിതി കൂടിയിട്ടുണ്ട്.

തുടർ പദ്ധതികൾ തയ്യാറാക്കുന്ന അവസരത്തിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

ഭരണസമിതി തീരുമാനം 2(1)/14.12.2021 പ്രകാരം, ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെല്ലാം തന്നെ തൻവർഷം രണ്ട് യോഗങ്ങൾ വീതമാണ് കൂടിയിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 01/09.10.2023 ന്റെ മറുപടി) |
|---|---|---|---|---|
| I | പൊതുരാമത്ത് | 15.07.2022 | സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ചാർജ്ജ് കുറയക്കുക, മിനി കോൺഫറൻസ് | ഈ പ്രോജക്ടുകൾ പ്രാവർത്തികമാക്കുന്നതിന് വിവിധ പ്രോജക്ടുകൾ തൻവർഷം വച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| | | | ഹാൾ, ലക്ഷം വീട്കോളനിയിൽ ചുറ്റുമതിൽ, പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെട്ട എല്ലാ റോഡുകളും സഞ്ചാരയോഗ്യമാക്കുക | |
| Ii | ദാരിദ്ര നിർമ്മാർജ്ജനം | 15.07.2022 | ഭൂരഹിത ഭവന രഹിതരെ കണ്ടെത്തി ഭവനം നിർമ്മിക്കുക | ലൈഫ് മിഷൻ പദ്ധതി ഉണ്ട് |
| Iii | ആരോഗ്യം | 15.07.2022 | ആശുപത്രി ലാബ് എ.സി. ആക്കുക, ജിംനേഷ്യം ആക്കുക | ഈ പ്രോജക്ടുകൾ പ്രാവർത്തികമാക്കുന്നതിന് ആശുപത്രിയിൽ ലാബ് എന്ന പ്രോജക്ട് തൻവർഷം വച്ചിട്ടുണ്ട് |
| Iv | പട്ടികജാതി വികസനം | 15.07.2022 | അറുപത് വയസ്സിന് മുകളിലുള്ളവർക്ക് കട്ടിൽ, മെത്ത, തലയണ കൊടുക്കുന്നതിന് | വൃദ്ധർക്ക് കട്ടിൽ പ്രോജക്ട് വച്ചിട്ടുണ്ട്. |
| | | | | |

സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാര നടപടികളായി വിവിധ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചു കൂട്ടിയെങ്കിലും വായ്പകളൊന്നും ലഭ്യമായില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം തരിശ് ഭൂമിയിൽ നെൽകൃഷിക്ക് വരമ്പൊരുക്കൽ, ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് സോക്ക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ പാഥേയം, ആശ്രയ എന്നീ പ്രോജക്ടുകൾ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR

Fund) ലഭ്യമായിട്ടില്ല. ബാങ്കുകളുമായി ചർച്ച ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത ഫണ്ട് ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് അറിയിച്ചിട്ടുണ്ട്.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണപദ്ധതി പ്രകാരം കാലികവും കൃത്യവുമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ നാളിതുവരെ പഞ്ചായത്തിൽ ഇല്ല. റോഡുകളുടെ സർവ്വേ നടന്നുകൊണ്ടിരിക്കുകയാണെന്നാണ് ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം വിവിധ ഫണ്ടുകൾ ലാപ്സാകാതെ ഫലപ്രദമായി ചെലവഴിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ അനിവാര്യമാണ്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 5962200/- | 614 |
| 2 | വിധവ പെൻഷൻ | 58,86,000/- | 574 |
| 3 | വാർദ്ധക്യകാല പെൻഷൻ | 1,35,20,400/- | 1466 |
| 4 | വികലാംഗ പെൻഷൻ | 37,04,400/- | 364 |
| 5 | 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള | 2,96,800/- | 29 |

| | | | |
|---|---|---|---|
| | പെൻഷൻ | | |
| 6 | തൊഴിൽ രഹിതവേതനം | 120 | 1 |

തൊഴിൽ രഹിത വേതനം ഇനത്തിൽ 120/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. (ബിൽ ബുക്ക് നം: 23 ; BRN 22020252001801374226 തീയതി : 24/3/2023)

## 1-6-1 മരണശേഷവും പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല - പെൻഷൻ തുക വിതരണം ചെയ്തിരിക്കുന്നു

സാമൂഹ്യസുരക്ഷാ പെൻഷൻ മരണപ്പെട്ട ശേഷവും വിതരണം ചെയ്തിരിക്കുന്നു. ഇപ്പോഴും സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പെൻഷനറുടെ പേര് | പെൻഷൻ ഇനം | ആധാർ നമ്പർ | മരണപ്പെട്ട തിയതി | പെൻഷൻ അനുവദിച്ച കാലയളവ് | അധികമായി അനുവദിച്ച തുക | സ്റ്റാറ്റസ് |
|---|---|---|---|---|---|---|---|
| 1 | തായി.എൽ | കർഷക തൊഴിലാളി പെൻഷൻ | 5364 0538 7993 | 09/12/22 | 01/2023 To 7/2023 | 1600*6= 9600 (ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു) | ആക്ടീവ് |
| 2 | തങ്കയ്യൻ എൻ | കർഷക തൊഴിലാളി പെൻഷൻ | 559667877741 | 12/10/22 | 11/22 To 6/23 | തുക കൈപ്പറ്റിയില്ല (പോസ്റ്റൽ മുഖാന്തിരം) | ആക്ടീവ് |
| 3 | രാജു റ്റി | വാർദ്ധക്യകാല പെൻഷൻ | 797019845609 | 24/11/22 | 12/22 To 6/23 | തുക കൈപ്പറ്റിയില്ല (പോസ്റ്റൽ മുഖാന്തിരം) | ആക്ടീവ് |
| 4 | സരസമ്മ കെ. | കർഷക തൊഴിലാളി പെൻഷൻ | 940896718178 | 11/7/22 | 8/22 To 6/23 | തുക കൈപ്പറ്റിയില്ല (പോസ്റ്റൽ മുഖാന്തിരം) | ആക്ടീവ് |
| 5 | ലക്ഷ്മിക്കുട്ടി | വാർദ്ധക്യകാല പെൻഷൻ | 286413993309 | 1/7/22 | 8/22 To 6/23 | 1600*11= 17600/-ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു) | ആക്ടീവ് |

മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ വിവരം സേവന സോഫ്റ്റ് വെയറിൽ ചേർത്ത് പെൻഷൻ സസ്പെൻഡ് ചെയ്യണമെന്ന് പല തവണ സർക്കാർ നിർദ്ദേശം നൽകിയെങ്കിലും സേവനയിൽ ആവശ്യമായ രേഖപ്പെടുത്തൽ നൽകിയിട്ടില്ല. 2022-23 ലെ ഡെത്ത് രജിസ്ട്രേഷൻ നടത്തിയിട്ടുള്ളവരുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. നിലവിലും ആക്ടീവായി തുടരുന്നു. ചില ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ക്രമനമ്പർ (5) ലക്ഷ്മിക്കുട്ടി അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താവാണ്. മരണം രജിസ്റ്റർ ചെയ്തിട്ടുള്ളത് തിരുപുറം പഞ്ചായത്തിലാണ്. പ്രസ്തുത ഗുണഭോക്താവിന്റെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനായി അതിയന്നൂർ ഗ്രാമപഞ്ചായത്തിന് മരണവിവരം റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. പെൻഷൻ, ഡെത്ത് രജിസ്ട്രേഷൻ എന്നിവയുടെ ചുമതല ഒരു സെക്ഷനാണ് നൽകിയിട്ടുള്ളത്. എന്നിട്ടും മരണപ്പെട്ടവരുടെ വിവരം സേവനയിൽ യഥാസമയം അപ്ഡേറ്റ് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:25 തിയതി:18/10/23) മറുപടി ലഭ്യമാക്കിയില്ല. മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അധികമായി ബാങ്ക് അക്കൗണ്ടിൽ നൽകിയ തുക ഈടാക്കി സർക്കാർ നിർദ്ദേശപ്രകാരം ഒടുക്കുവരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-10-2023 തീയതിയിൽ 2.30 PM -ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 540/- (അഞ്ഞൂറ്റി നാൽപ്പത് ) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം, ജീവനക്കാരുടെ ജോലി വിഭജനത്തിന്റേയും കൃത്യമായ മീറ്റിംഗുകളിലൂടെയുള്ള അവലോകനത്തിന്റേയും അടിസ്ഥാനത്തിൽ താഴെ പറയുന്ന വിഷയങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

1) തനത് വരുമാനം ഈടാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

2) വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് ലഭിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

3) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

4) ഉപയോഗക്രമം അനുസരിച്ച് കെട്ടിടങ്ങൾക്ക് നികുതി ചുമത്തേണ്ടതാണ്.

5) സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിട വിസ്തീർണം കൃത്യമാക്കുകയും 2013 ഒന്നാം അർദ്ധവർഷം മുതൽ നികുതി വർദ്ധിപ്പിച്ച് കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

6) അസറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

7) മോണിറ്ററിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 474941 | 1322164 | 1797105 | 1526551 | 270554* |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 49868754 | 49868754 | 49868754 | 0 |
| ആകെ | 474941 | 51190918 | 51665859 | 51167125 | 498734 |

ധനകാര്യപത്രിക പ്രകാരം MGNREGS നായി പ്രത്യേക അക്കൌണ്ട് നിലവിലുണ്ടെങ്കിലും ( CANARA 1700101013819 ) അഡ്മിൻ വരവുകൾ പ്രസ്തുത അക്കൌണ്ടിൽ ലഭ്യമാകുന്നില്ല. ആയത് വരവ് വയ്ക്കുന്നത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൌണ്ടിലാണ്. അഡ്മിനിസ്ട്രേറ്റീവ് വരവു വാർഷിക ധനകാര്യ പത്രികയിലെ തുകയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

* നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള അക്കൗണ്ട് നീക്കിയിരിപ്പ് തുകയുമായി (498734/-) പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.01.2019 | 2013-14 മുതൽ 2017-18 വരെ | 25.02.2019 |

## 1-11 രസീത് പുസ്തകങ്ങൾ പരിപാലിക്കുന്നതിൽ അപാകതകൾ

കൃഷി ഓഫീസർ ഉപയോഗിച്ച രസീത് പുസ്തകങ്ങൾ പരിപാലിക്കുന്നതിൽ ചുവടെ വിവരിക്കുന്ന അപാകതകൾ ഉണ്ട്.

| രസീത് പുസ്തക നമ്പർ | രസീത് നമ്പർ | അപാകത |
|---|---|---|
| 10839 | 1 - 100 | ഒരു രസീതിലും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 10842 | 1 - 100 | ഒരു രസീതിലും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 10843 | 2 - 83 | ഒരു രസീതിലും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 10839 | 32 | കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 10839 | 99 | രസീതിൽ രേഖപ്പെടുത്തിയ തുക 150<br>കളക്ഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല. |

പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (05/23, 10.10.2023) മറുപടി ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതാണെന്ന് അറിയിച്ചു. രസീത് പുസ്തകങ്ങൾ പരിപാലിക്കുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-12 ലേലം- മുഴുവൻ തുകയും ഒടുക്കുവരുത്തിയില്ല തുടർ നടപടി സ്വീകരിക്കേണ്ടതാണ്

പുത്തൻകട പബ്ലിക്ക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം 22.03.22-ൽ നടത്തിയ ലേലപ്രകാരം ശ്രീമതി ബിന്ദു.വി, അരുൺ നിവാസ്, പുത്തൻകട തിരുപുറം എന്ന വ്യക്തി 50000/- രൂപയ്ക്ക് ലേലം കൊള്ളുകയും 07.04.2022-ൽ ജി.എസ്.ടി ഉൾപ്പെടെ 29400/- അടയ്ക്കുകയും ചെയതിട്ടുണ്ട്. ബാക്കി തുകയായ 25000/- രൂപയും 18% ജി.എസ്. ടി യും നാളിതുവരെ ഒടുക്കിയിട്ടില്ല. തുക ഒടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-22/22-23 -ന് (തീയതി-13.10.2023) ലേലം വിളിച്ച വ്യക്തി മുഴുവൻ തുകയും ഒടുക്കുവരുത്തിയില്ലായെന്ന് മറുപടിയായി അറിയിക്കുകയുണ്ടായി. തുക ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ വീഴ്ച

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതു വഴി പരിസ്ഥിതി ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്തുന്നതിനും ആയത് പഞ്ചായത്തിന്റെ വികസന പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം FTEOS ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ എണ്ണം | ഹരിത കർമ്മ സേനയുടെ റിപ്പോർട്ട് പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | മുള്ളുവിള | 7 | 16 |
| 2 | ഇരുവൈകോണം | 0 | 14 |
| 3 | കുമിളി | 6 | 8 |
| 4 | കാല്യംമുഖം | 6 | 15 |
| 5 | പഴയകട | 55 | 125 |

| | | | |
|---|---|---|---|
| 6 | മണ്ണക്കല്ല് | 1 | 4 |
| 7 | കഞ്ചാംപഴഞ്ഞി | 6 | 17 |
| 8 | തിരുപുറം | 10 | 15 |
| 9 | പ്ലാന്തോട്ടം | 20 | 24 |
| 10 | പുത്തൻകട | 4 | 26 |
| 11 | പത്തനാവിള | 0 | 12 |
| 12 | മാങ്കൂട്ടം | 0 | 12 |
| 13 | പുലവങ്ങൽ | 0 | 13 |
| 14 | പുറത്തിവിള | 0 | 10 |

ലൈസൻസ് എടുക്കാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം- 24 /2022-23 -ന് (തീയതി-17.10.2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നതിനും തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും പിരിച്ചെടുത്തിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കേരളാ പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ-1996 ചട്ടം 4,5,6 എന്നിവ പ്രകാരം തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും പിരിച്ചെടുത്തിട്ടില്ല.

| സ്ഥാപനം | തൊഴിൽ നികുതി ഒടുക്കാത്ത കാലയളവ് | | സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത കാലയളവ് | |
|---|---|---|---|---|
| പല്ലവി ഹോസ്പിറ്റൽ | - | 2-ാം അർദ്ധവർഷം | - | - |
| ദേവസ്വം ബോർഡ് ഓഫീസ് തിരുപുറം | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം | - | - |
| മിൽക്ക് സൊസൈറ്റി പുത്തൻകട | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം |
| ഫാർമേഴ്സ് വെൽഫയർ സൊസൈറ്റി | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം |
| അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി | 1ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം |
| എസ്.വി ഫ്യൂവൽസ് | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം |
| മുല്ലൂർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം |
| മിൽക്ക് സൊസൈറ്റി കുമിളി | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം |
| മിൽക്ക് സൊസൈറ്റി കാച്ചാംപഴഞ്ഞി | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം | 1-ാം അർദ്ധവർഷം | 2-ാം അർദ്ധവർഷം |

പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-23 /2022-23 (തീയതി-17.10.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി

പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റെ പേരും മേൽവിലാസവും | വാർഡ് നമ്പർ | കെട്ടിട നമ്പർ | നിർണ്ണയിച്ച വാർഷിക വസ്തുനികുതി നിരക്ക് | കുടിശ്ശിക തുക |
|---|---|---|---|---|
| മാനേജർ, ഭാരതി എയർടെൽ ലിമിറ്റഡ് | 13 | 180/B | 16212 | 32424 |

കുടിശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-29 /2022-23 -ന് (തീയതി-18.10.2023) മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ടെൻഡർ ഫോം വില-ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്കുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാ പഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് വിവിധ സാമ്പത്തിക വർഷങ്ങളിൽ ഇ-ടെൻഡർ നടപടികളിലൂടെ വിവിധ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും 2020-21 മുതലുള്ള തുക ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

## 1-17 ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തി-അപാകങ്ങൾ

ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ

1) സർക്കാർ ഉത്തരവ് (പി) നം.30/2016 ധന. തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർ ഹെഡ് ചാർജ്ജ് അനുവദിയ്ക്കാമെന്നും എന്നാൽ വർക്ക് ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃസമിതി വർക്കുകളുടെ ഡാറ്റ പരിശോധിച്ചതിൽ 10% ഓവർഹെഡ് ചാർജ് അനുവദിച്ചിട്ടുണ്ട്.

2) 01.01.2017 മുതൽ VAT നിലവിലില്ലാത്ത സാഹചര്യത്തിൽ കൺവീനർമാർ ജി.എസ്.റ്റി. ഒടുക്കേണ്ട വരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്ന് ഉത്തരവ് നം. ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ. തീയതി 16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നിർവഹിച്ച ചുവടെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ലാത്തതിനാൽ കൺവീനർമാർക്ക് അധിക തുക നൽകിയിട്ടുണ്ട്.

3) ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശം (സർക്കുലർ നം1/1559 /2010/സി.ഇ,ത.സ്വ.ഭ.വ തീയതി 13/11/2014) അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.
സർക്കുലർ പ്രകാരം ഒരു പഞ്ചായത്ത് അംഗത്തിന് കമ്മിറ്റിയിൽ അംഗമാവാൻ കഴിയില്ല. എന്നാൽ പഞ്ചായത്ത് വാർഡ് മെമ്പർ സമിതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.
സമിതി തെരഞ്ഞെടുക്കുന്ന കൺവീനറുടെയും ചെയർമാന്റെയും സംയുക്ത അക്കൗണ്ടിലേയ്ക്കാണ് തുക കൈമാറേണ്ടത്. എന്നാൽ കൺവീനറുടെ അക്കൗണ്ടിലേയ്ക്ക് മാത്രമാണ് തുക കൈമാറിയത്.
സമിതിയുടെ ചെക്കുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1. പദ്ധതി നം.106/2023.

| | |
|---|---|
| അടങ്കൽ | 49,000/- |
| ചെലവ് | 48,879/- |
| ബിൽനം./തീയതി | 31/31.03.2023 |
| കൺവീനർ | ശ്രീമതി ലതാകുമാരി |
| എം. ബുക്ക് നം | E.Mbook |
| പ്രവൃത്തി മൂല്യം | 48,879/- |

2. പദ്ധതി നം.107/2023.

| | |
|---|---|
| അടങ്കൽ | 49,000/- |
| ചെലവ് | 48,761/- |
| ബിൽ നം./തീയതി | 30/31.03.2023 |
| കൺവീനർ | ശ്രീ.അനിൽ. വി.എസ് |
| എംബുക്ക് നം | E.Mbook |
| പ്രവൃത്തി മൂല്യം | 48,761/- |

3. പദ്ധതി നം.108/2023.

| | |
|---|---|
| അടങ്കൽ | 49,000/- |
| ചെലവ് | 48,753/- |
| ബിൽനം/ചെക്ക് നം | 33/8.10.2023 |
| കൺവീനർ | ശ്രീ. ഷിബു കെ.എസ്. |
| എം.ബുക്ക് നം. | E.Mbook |
| പ്രവൃത്തി മൂല്യം | 48,753/- |

4. പദ്ധതി നം 109/2023.

| | |
|---|---|
| അടങ്കൽ | 49,000/- |
| ചെലവ് | 47,518/- |
| ബിൽനം/ചെക്ക് നം | 29/തീയതി.31.03.2023 |
| കൺവീനർ | ശ്രീ. ശശി എൽ. |
| എം ബുക്ക് നം | E.Mbook |
| പ്രവൃത്തി മൂല്യം | 47,518/- |

5. പദ്ധതി നം.110/2023.

| | |
|---|---|
| അടങ്കൽ | 49,000/- |
| ചെലവ് | 42,396/- |
| ബിൽ നം./തീയതി | 28/31.03.2023 |
| കൺവീനർ | ശ്രീ.അനിൽകുമാർ.വി.എസ്. |
| എം.ബുക്ക് നം | E.Mbook |
| പ്രവൃത്തി മൂല്യം | 42,396/- |

6. പദ്ധതി നം.111/2023

| | |
|---|---|
| അടങ്കൽ | 30,000/- |
| ചെലവ് | 29,794/- |
| ബിൽനം./തീയതി | 32/31.03.2023 |
| കൺവീനർ | ശ്രീ.സെൽവൻ |
| എം.ബുക്ക് നം | E.Mbook |
| പ്രവൃത്തി മൂല്യം | 29,794/- |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(10/11.10.23) മറുപടിയായി VAT 5% ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-18 രജിസ്റ്ററുകളുടെ പരിപാലനം ഉറപ്പാക്കേണ്ടതാണ്.

1) ബിൽ രജിസ്റ്റർ പരിപാലനം .
എല്ലാ ബാങ്കിടപാടുകളും രേഖപ്പെടുത്തേണ്ട ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. തനതുഫണ്ട് ചെലവുകളുടെ കൃത്യത ക്രമപ്രകാരം രേഖപ്പെടുത്തുന്ന രീതി ഐ.എൽ.ജി.എം.എസ്സിൽ നിലവിലില്ല. ബിൽ രജിസ്റ്റർ യഥാക്രമം പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) മുൻകൂർ രജിസ്റ്റർ പരിപാലനം
മുൻകൂർ കൊടുക്കുന്ന തുകകളും അവ ക്രമീകരിക്കുന്നതിന്റെ വിശദാംശങ്ങളും ക്രമീകരിക്കാത്തവയുടെ വിവരങ്ങളും ഉൾപ്പടുന്ന മുൻകൂർ രജിസ്റ്റർ നിലവിൽ പരിപാലിക്കുന്നില്ല. എല്ലാ മുൻകൂറുകളും രേഖപ്പെടുത്തി, ക്രമീകരിക്കാനവശേഷിക്കുന്നവയുടെ വിവരം കാലികമാക്കി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

3)സ്യൂട്ട് രജിസ്റ്റർ
വിവിധ കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന കാര്യവും രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. 13.10.2023ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം.19 ന് മറുപടി ലഭ്യമാക്കിയില്ല. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടാൻ സ്യൂട്ട് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 1-19 വരവിനങ്ങളിൽ ചെക്ക് പ്രകാരം ലഭിച്ച തുക (47,490/-രൂപ) നാളിതുവരെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല

കാനറാ ബാങ്ക് തനതു ഫണ്ട് അക്കൗണ്ടിന്റെ (Ac/No:110037464360) മാർച്ച് 2023 ലെ റിക്കൺസിലിയേഷൻ റിപ്പോർട്ട് പ്രകാരം ഡെപ്പോസിറ്റ് ചെയ്ത ചെക്കുകളിൽ പണമാകാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| രസീത് നമ്പർ | തിയതി | വരവിനം | തുക |
|---|---|---|---|
| 1220103671 | 16/02/23 | ജീവനക്കാരുടെ തൊഴിൽ നികുതി (പരണിയം FHC) | 17250 |

| | | | |
|---|---|---|---|
| 1220102327 | 29/09/22 | വസ്തുനികുതി (മാനേജർ ഇൻഡസ് ടവേഴ്സ് ) | 30240 |
| ആകെ | | | 47,490 |

മേൽ തുകകൾ 2023 സെപ്റ്റംബർ മാസത്തെ റിക്കൺസിലിയേഷനിലും പണമായി അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. പ്രസ്തുത ചെക്കുകൾ ബാങ്കിൽ നൽകിയിട്ടുണ്ടോയെന്നും തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം/രേഖകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:20, തിയതി:13/10/21) മറുപടി ലഭ്യമാക്കിയില്ല. മേൽ തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 മഴക്കാലപൂർവ ശുചീകരണം-ചെലവ് രേഖകൾ ലഭ്യമല്ല, 1,40,000/-രൂപ തടസ്സപ്പെടുത്തുന്നു.

മഴക്കാലപൂർവ ശുചീകരണത്തിനായി സെക്രട്ടറി തനത് ഫണ്ടിൽ നിന്നും 1,40,000/- രൂപ (വൗച്ചർ നമ്പർ 22200771 തീയതി 12.05.2022) മെഡിക്കൽ ഓഫീസർ, ഭരണീയം PHCയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ ചെലവിന്റെ യാതൊരു രേഖകളും ഐ.എൽ.ജി.എം.എസ്സിൽ നിന്നും ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം.19/13.10.2023ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവിന്റെ രേഖകൾ, വിനിയോഗസാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ ചെക്കിന്റെ വിശദാംശങ്ങളും പരിശോധിക്കാൻ സാധിച്ചില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 1,40,000/-രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി - അവലോകനം

ലൈഫ്(2020) ഭവന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തന വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതിയിൽ ഉൾപ്പട്ടിരിക്കുന്ന വിഭാഗങ്ങൾ | അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലെ കുടുംബങ്ങളുടെ എണ്ണം | എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ എണ്ണം | തുക കൈപ്പറ്റിയ വരുടെ എണ്ണം (ഒരു ഗഡുവെങ്കിലും) | തുക പൂർണമായും കൈപ്പറ്റിയ വരുടെ എണ്ണം | ഭവന നിർമാണം പൂർത്തിയാക്കിയവരുടെ എണ്ണം |
|---|---|---|---|---|---|
| ഭൂരഹിത ഭവനരഹിതർ (ജനറൽ) | 37 | 0 | 0 | 0 | 0 |
| ഭൂരഹിത ഭവനരഹിതർ (എസ്.സി) | 17 | 0 | 0 | 0 | 0 |
| ഭൂമിയുള്ള ഭവന രഹിതർ(ജനറൽ) | 261 | 0 | 0 | 0 | 0 |
| ഭൂമിയുള്ള ഭവന രഹിതർ (എസ്.സി) | 37 | 14 | 14 | 0 | 0 |

എസ്.സി. വിഭാഗത്തിൽ 14 ഉം ജനറൽ വിഭാഗത്തിൽ 17ഉം അംഗങ്ങൾ ഭൂമിയും ഭവനവും ഇല്ലാത്തവരായിട്ടുണ്ട്. ഇത്തരത്തിലുള്ളവരെയും ലൈഫ് പദ്ധതിയിൽ പരിഗണിക്കേണ്ടതുണ്ട്. എന്നാൽ ഭൂരഹിത ഭവന രഹിതർക്കായി 2022-23 ൽ യാതൊരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:6, തിയതി:10/10/2023) ലഭ്യമാക്കിയ മറുപടിയിൽ ഇതു സംബന്ധിച്ച വിവരം ഉൾപ്പെടുത്തിയിട്ടില്ല. 2023-24 ൽ ഭൂമിയുള്ള ഭവനരഹിരായവർ (ജനറൽ) 149 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചെങ്കിലും 71 ഗുണഭോക്താക്കൾക്ക് ഒരു ഗഡു തുക നൽകാൻ മാത്രമെ സാധിച്ചിട്ടുള്ളൂ. ലൈഫ് ഭവനപദ്ധതിയിലൂടെ എല്ലാവർക്കും ഭവനം എന്ന പദ്ധതി ലക്ഷ്യം

കൈവരിക്കുന്നതിന് പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-22 ഹരിതകർമസേനയുടെ പ്രവർത്തനങ്ങളിൽ ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം ഉറപ്പുവരുത്തുന്നില്ല

കേരളം നേരിടുന്ന രൂക്ഷമായ പ്രശ്നങ്ങളിലൊന്നാണ് ഖരമാലിന്യ സംസ്കരണം. അജൈവ വസ്തുക്കളുടെ മാലിന്യ സംസ്കരണം പൂർണമായി നടപ്പിലാക്കുന്നതിനായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾ വിപുലീകരിച്ച് നടപ്പിലാക്കുന്നത്. തിരുപുറം ഗ്രാമപഞ്ചായത്തിൽ ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. എങ്കിലും പൂർണമായ തോതിൽ ലക്ഷ്യം കൈവരിക്കാൻ സാധ്യമാകുന്നില്ല. ഹരിതകർമസേനയുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ നിയോ എനർജി എന്ന സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾക്കായി തൻവർഷം ധനകാര്യ കമ്മിഷൻ ഗ്രാന്റിൽ നിന്നും തനതു ഫണ്ടിൽ നിന്നുമായി 3,08,004/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം സമർപ്പിച്ചിരിക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ടിൽ ഹരിതകർമസേനയുടെ പ്രവർത്തനങ്ങളോട് സഹകരിക്കാത്ത വീട്ടുകൾ/കച്ചവടസ്ഥാപനങ്ങൾ തുടങ്ങിയവ സന്ദർശിച്ച് ആവശ്യമായ ബോധവൽക്കരണം നൽകുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഹരിതകർമസേനയുടെ ഓരോ മാസത്തെയും യൂസർഫീ കളക്ഷൻ റിപ്പോർട്ട് പ്രകാരം യൂസർഫീ നൽകുന്നവരുടെയും അജൈവമാലിന്യം തരംതിരിച്ച നൽകുന്നവരുടെയും എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച നൽകുന്നവരുടെ എണ്ണത്തിൽ സാമ്പത്തിക വർഷാരംഭത്തിലുള്ളതിനേക്കാൾ കുറവാണ് സാമ്പത്തികവർഷാവസാനത്തിൽ ഉണ്ടായിരിക്കുന്നത്. ഹരിതസഹായ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥർ/വാർഡ് മെമ്പർ തുടങ്ങിയവർ മോണിറ്റർ ചെയ്യുന്നില്ല. സ്ഥാപനം ലഭ്യമാക്കുന്ന റിപ്പോർട്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നില്ല. മാലിന്യ സംസ്കരണം കൂടുതൽ ഫലവത്താക്കാൻ ഹരിതസഹായ സ്ഥാപനം യാതൊരു നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടില്ല. ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം ഏതൊക്കെ രീതിയിൽ ലഭ്യമാക്കുന്നതിനാണ് കരാർ നൽകിയിട്ടുള്ളത് എന്ന് പരിശോധിച്ച് ആയതിനനുസൃതമായി സേവനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന എല്ലാ വീടുകളും, സ്ഥാപനങ്ങളും ഈ ഉദ്യമത്തിൽ പങ്കാളികളാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇതുമായി സഹകരിക്കാത്ത വീടുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ വിവരം വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്ത് ആവശ്യമായ ബോധവത്കരണം നടത്തി മാലിന്യ സംസ്കരണം പൂർണമായ തോതിൽ നടപ്പിലാക്കുന്നതിന് എല്ലാ വീടുകളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണ്.

## 1-23 എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണചെലവുകൾക്കായി ലഭ്യമായ തുക വരവു ഹെഡിൽ പൂർണമായി ഉൾപെടുത്തിയിട്ടില്ല

2022-23 സാമ്പത്തിക വർഷം ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾക്കായി അനുവദിച്ച തുക, ബാങ്ക് അക്കൗണ്ട് മുഖാന്തിരം ലഭ്യമായ തുകയും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കാനറാബാങ്കിലുള്ള തനതുഫണ്ട് അക്കൗണ്ടിലാണ് (Ac/No: 110037464360) തുക ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. 1409909/- രൂപ തൻവർഷം പ്രസ്തുത അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ വരവു തുക 13,22,164/- രൂപ (RP-30 ഷെഡ്യൂൾ) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസം 87,745/-രൂപ. പ്രസ്തുത വ്യത്യാസം ബാലൻസ് ഷീറ്റിലെ അഡ്വാൻസ് റീകൂപ്പ് ചെയ്യാൻ അവശേഷിക്കുന്ന തുകയിലും പ്രതിഫലിച്ചിട്ടുണ്ട്. തുക ക്രെഡിറ്റ് ആകുന്ന സമയത്ത് രസീതു നൽകി വരവായി ഉൾപ്പെടുത്തിയിട്ടില്ല. 31/03/23 ലാണ് രസീതു വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. ഭരണ ചെലവുകൾക്കായി ലഭ്യമാകുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിന് പഞ്ചായത്തു സെക്രട്ടറിയുടെ പേരിൽ പ്രത്യേകം അക്കൗണ്ട് ആരംഭിക്കണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്. എന്നാൽ പ്രത്യേകം അക്കൗണ്ട് ആരംഭിക്കാതെ നിലവിലുണ്ടായിരുന്ന തനതു ഫണ്ട് അക്കൗണ്ടിന്റെ വിവരങ്ങളാണ് നൽകിയിരിക്കുന്നത്. തനതു ഫണ്ടിൽ വിവിധ വരവുകൾ ക്രെഡിറ്റു ചെയ്യുന്നതിനാൽ MGNREGS ന്റെ വരവുകൾ കൃത്യമായി കണ്ടെത്തുക പ്രയാസമാണ്. ഓരോ മാസവും ക്രെഡിറ്റ് ആയിരിക്കുന്ന തുകകൾ യഥാസമയം വരവായി ILGMS ൽ രേഖപ്പെടുത്താതെ സാമ്പത്തിക വർഷാവസാനം ഒറ്റ രസീതുവരവായി ഉൾപ്പെടുത്തിയതിനാലാണ് കൃത്യമായ വരവ് വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കാത്തത്. MGNREGS ന്റെ വരവുകൾ പ്രത്യേകം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനും ആയത് ശരിയായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. MGNREGS ന്റെ ഭരണചെലവുകൾക്കു അഡ്വാൻസ് ആയി ചെലവഴിച്ചിട്ടുള്ള, ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക പരിശോധിച്ച് ഉറപ്പു വരുത്തി ക്രമീകരിക്കേണ്ടതാണ്.

## 1-24 ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിനു ലഭ്യമാക്കിയില്ല.

1) വാർഷിക ധനകാര്യ പത്രികയിൽ RP-40(b) ഷെഡ്യൂൾ പ്രകാരം Nationalised Bank Account Of Own Revenue Fund ൽ 2,13,713/- രൂപയും. SBT (Own Fund) – (57048217019) ൽ 12,333/- രൂപയും District Co-Operative Bank (20161201200012) ൽ 32,65,164/- രൂപയും അവശേഷിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ബാലൻസ് പരിശോധിക്കുന്നതിനായി പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2) Joint Venture പ്രോജക്ട് അക്കൗണ്ടിൽ (Ac/No:702021400000003) 5,27,393/- രൂപ ഓപ്പണിംഗ് ബാലൻസ് ഉണ്ടായിരുന്നു. പ്രസ്തുത തുക തൻവർഷം സംയുക്ത പ്രോജക്ടുകൾക്ക് ചെലവഴിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം സാമ്പത്തിക വർഷാവസാനം പ്രസ്തുത അക്കൗണ്ടിൽ ക്ലോസിംഗ് ബാലൻസ് ഇല്ല. പ്രസ്തുത തുകയുടെ ചെലവു സംബന്ധിച്ച വിവരം, ട്രഷറി സ്റ്റേറ്റ്മെന്റ് എന്നിവ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം:21 തിയതി:13/10/23 & 28 തീയതി:19/10/23) ലഭ്യമാക്കിയില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള നാല് അക്കൗണ്ടുകളുടെയും തൻവർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

## 1-25 വെറ്ററിനറി സർജൻ നിർവ്വഹിച്ച പദ്ധതികളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 282919/-രൂപ തടസ്സപ്പെടുത്തുന്നു

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ ചെലവുരേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ താഴെ.

(1). 1,88,500/-രൂപയുടെ ചെലവ് രേഖകൾ ലഭ്യമല്ല

പദ്ധതി നമ്പർ :164/23

പദ്ധതിയുടെ പേര്: ആട് വളർത്തൽ (വനിത)

അടങ്കൽ തുക:7,28,000/-(364000-വികസന ഫണ്ട് പൊതു വിഭാഗം 364000/-മറ്റുള്ളവ)

ചെലവ് തുക:3,64,000/- (വികസന ഫണ്ട് പൊതു വിഭാഗം)

ചുവടെ ചേർക്കുന്ന ബില്ലുകളുടെ ചെലവ് രേഖകൾ മാത്രമേ ഫയലിനൊപ്പം ഹാജരാക്കിയിട്ടുള്ളൂ.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 15/22-23 | 31.03.2023 | 13,000/- |
| 2 | 10/22-23 | 21.03.2023 | 91,000/- |
| 3 | 04/22-23 | 12.01.2023 | 71,500/- |
| | ആകെ | | 1,75,500/- |

(2). 90,000/-രൂപയുടെ ചെലവ് രേഖകൾ ലഭ്യമല്ല

പദ്ധതി നമ്പർ :142/23

പദ്ധതിയുടെ പേര്: കറവപ്പശു വളർത്തൽ (വനിത)

അടങ്കൽ തുക:25,20,000/-

ചെലവ് തുക:12,60,000/-

ചെലവ് ഫണ്ടിനം: വികസന ഫണ്ട്

ചുവടെ ചേർക്കുന്ന ബില്ലുകളുടെ ചെലവ് രേഖകൾ മാത്രമേ ഫയലിനൊപ്പം ഹാജരാക്കിയിട്ടുള്ളൂ.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 9/22/23 | 21.03.2023 | 1,50,000/- |
| 2 | 3/22-23 | 12.01.2023 | 3,30,000/- |
| 3 | 1/22-23 | 20.12.2023 | 6,90,000/- |
| | | ആകെ | 11,70,000/- |

(3). 4419/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമല്ല.

പദ്ധതി നമ്പർ :17

പദ്ധതിയുടെ പേര്: മൃഗാശുപത്രിയിലെ കണ്ടിജൻസി ചെലവുകൾ

അടങ്കൽ തുക:25,000/-

ചെലവ് തുക: 25,000/-

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചുവടെ ചേർക്കുന്ന ബില്ലുകളുടെ ചെലവ് രേഖകൾ മാത്രമേ ഫയലിനൊപ്പം ഹാജരാക്കിയിട്ടുള്ളൂ.

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 5/22-23 | 12.01.2023 | 20581/- |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/2023, തീയതി:11.10.2023) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ആകെ 2,82,919/-രൂപ (1,88,500 + 90,000 + 4,419) തടസ്സപ്പെടുത്തുന്നു.

## 1-26 നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും രണ്ട് വ്യത്യസ്ത മാസങ്ങളിലായി വാങ്ങിയ മരുന്നുകൾക്ക് ഒരേ ബിൽ നമ്പർ -വിശദീകരണം നൽകിയിട്ടില്ല.

തെരുവ് നായ്ക്കളുടെ വാക്സിനേഷൻ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.
പദ്ധതി നമ്പർ :191/23
പദ്ധതിയുടെ പേര്: തെരുവ് നായ്ക്കളുടെ വാക്സിനേഷൻ
അടങ്കൽ തുക: 40,000/-
ചെലവ് തുക: 39,969/-
ഫണ്ടിനം: വികസന ഫണ്ട്
നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും രണ്ട് വ്യത്യസ്ത മാസങ്ങളിൽ വ്യത്യസ്ത തീയതികളിൽ വാങ്ങിയ മരുന്നുകൾക്ക് ചുവടെ വിവരിക്കുന്ന ഒരേ ബിൽ നമ്പർ നൽകുവാനുണ്ടായ സാഹചര്യം അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/2023,തീയതി:11.10.2023) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 15840 | 27.02.2023 | 4999.96/- |
| 2 | 15840 | 04.03.2023 | 4969.46/- |

മേൽ വിഷയത്തിന് വ്യക്തത വരുത്തി അറിയിക്കേണ്ടതാണ്.

## 1-27 എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കിയില്ല

പദ്ധതി നമ്പർ :190/23
പദ്ധതിയുടെ പേര്: എ.ബി.സി. പ്രോഗ്രാം
അടങ്കൽ തുക: 2,30,000/-
ചെലവ് തുക: 0
ഫണ്ടിനം: വികസന ഫണ്ട്
നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

പദ്ധതിക്ക് തുക വകയിരുത്തിയിട്ടും വളരെ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/2023,തീയതി:11.10.2023) മറുപടി ലഭ്യമാക്കിയില്ല. തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി എ.ബി.സി. പ്രോഗ്രാം അതീവ പ്രാധാന്യത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – ഔഷധി കരാർ നിബന്ധന പാലിച്ചില്ല

1.
പദ്ധതി നമ്പർ: 138/23
പദ്ധതിയുടെ പേര്: വൃദ്ധജനപരിപാലനം
അടങ്കൽ തുക: 2,00,000/-
ചെലവ് തുക: 2,00,000/-
ഫണ്ടിനം: വികസന ഫണ്ട്
ബിൽ നമ്പർ, തീയതി: 2/22-23, 10.11.2022, 2,00,000/-
മരുന്നുകളുടെ വിലയായ 2,00,000/- രൂപ 10.11.2022ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 23.04.2023 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90297724 | 31.03.2023 | 1,50,491 | 23.04.2023 |
| 90295757 | 26.03.2023 | 34,916 | 23.04.2023 |
| 90298341 | 31.03.2023 | 14,593 | 23.04.2023 |
| | | | |
| | ആകെ | 2,00,000 | |

2.
പദ്ധതി നമ്പർ:14/23
പദ്ധതിയുടെ പേര്: ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക:4,00,000/-
ചെലവ് തുക: 4,00,000/-
ഫണ്ടിനം: മെയിന്റനൻസ് ഫണ്ട് റോഡിതരം
ബിൽ നമ്പർ, തീയതി: 01/22-23, 10.11.2022, 4,00,000/-
മരുന്നുകളുടെ വിലയായ 4,00,000/- രൂപ 10.11.2022 ൽ നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 23.04.2023 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ബിൽ നമ്പർ | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 90281583 | 30.11.2022 | 81,766 | 15.12.2022 |
| 90285497 | 31.11.2022 | 1,52,175 | 18.01.2023 |
| 90288409 | 31.01.2023 | 1,09,664 | 18.02.2023 |
| 90296769 | 30.03.2023 | 33,065 | 23.04.2023 |
| 90295040 | 22.03.2023 | 23,330 | 23.04.2023 |

നിർവ്വഹണ ഉദ്യോഗസ്ഥനും മരുന്നു വിതരണക്കാരായ ഔഷധി യുമായി 10.11.2023 ൽ ഏർപ്പെട്ട കരാറിന്റെ ഒന്നാമത്തെ നിബന്ധന പ്രകാരം വില നൽകി **60** ദിവസത്തിനകം മരുന്ന് പൂർണ്ണമായും വിതരണം ചെയ്യുമെന്നും അല്ലാത്തപക്ഷം നഷ്ടോത്തരവാദിത്വം ഔഷധി വഹിക്കുമെന്നുമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (03/2023, തീയതി:10.10.2023) മറുപടി ലഭ്യമാക്കിയില്ല. അവശ്യ സേവനങ്ങളായ മരുന്നുകൾ കൃത്യ സമയത്ത് തന്നെ ലഭ്യമാകുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-29 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 801168/-രൂപ തടസ്സപ്പെടുത്തുന്നു

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം/തീയതി |
|---|---|---|---|---|
| 1. | എസ്.എസ്.കെ.വിഹിതം അടയ്ക്കൽ (31/23) | 400000 | 400000 | 17/22-23 29.12.2022 |
| 2. | ഐ.കെ.എം. വിഹിതമടക്കൽ (2/23) | 55000 | 51168 | 57/10.10.2022 |
| 3. | ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണം (86/23) | 350000 | 350000 | 10/22-23 11.10.2022 |

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി വിവിധ ഏജൻസികൾക്കായി തുക കൈമാറിയിട്ടുണ്ട്. ചെലവ് തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം- 13/2022-23 (തീയതി-12.10.2023) ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ ചെലവ് തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കുന്നതുവരെ ആകെ തുക 801168/- തടസ്സം ചെയ്യുന്നു.

## 1-30 നിക്ഷേപപ്രവൃത്തികളുടെ നിർവ്വഹണം അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ |
| പ്രോജക്ട് നം | 06/23 |
| അടങ്കൽ തുക | 1120000/- (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് തുക | 1118701 |
| എ.സി.ആർ. ബിൽ നം / തീയതി | 55/10.10.2022 43190/-<br>116/14.12.2022 66798/-<br>120/14.12.2022 70915/-<br>121/14.12.2022 9575/-<br>298/18.03.2023 42539/-<br>260/04.03.2023 14399/-<br>300/18.03.2023 566233/-<br>377/31.03.2023 214347/-<br>385/01.04.2023 90705/- |

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

വിഷയം :പദ്ധതി നിർവ്വഹണം അപാകത സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ |
| പ്രോജക്ട് നം | 188/23 |
| അടങ്കൽ തുക | 100000/- (തനത് ഫണ്ട്) |
| ചെലവ് തുക | 94400/- (തനത് ഫണ്ട്) |
| ചെക്ക് നം. / തീയതി | ലഭ്യമാക്കിയില്ല |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെട്ടില്ല.

പദ്ധതി മാർഗരേഖ (സഉ(കൈ)നം-84/2022/ത.സ്വ.ഭ.വ തീയതി 19.04.2022) ഖണ്ഡിക 12.2(ഡി(ii)) പ്രകാരം തദ്ദേശഭരണസ്ഥാപനം നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടതിന് ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ പ്രസ്തുത നിബന്ധന പാലിക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്.

2. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നിർവ്വഹണത്തിനായി മുൻകൂറായി നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഇലക്ട്രിക്കൽ സെക്ഷൻ | മുൻകൂറായി നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുള്ളത് |
|---|---|---|---|---|
| 1 | കാഞ്ഞിരംകുളം | 339578 | 0 | 339578 |

| | | | | |
|---|---|---|---|---|
| 2 | പൂവാർ | 665669 | 0 | 665669 |
| 3 | കമുകിൻകോട് | 70915 | 70915 | 0 |
| 4 | പൂഴിക്കുന്ന് | 42539 | 0 | 42539 |
| ആകെ | | 1118701 | 70915 | 1047786 |

പ്രസ്തുത പ്രോജക്ടുകളുടെ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം- 14/2022-23 -ന്

(തീയതി-12.10.2023) വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അടിയന്തിരമായി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-31 പ്രോജക്ട് നിർവ്വഹണം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണം നടത്തുന്നതിനായി ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് ചെയ്തതായി കാണുന്നില്ല.

| പ്രോജക്ട് /നം | ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| പൗരാവകാശരേഖ പ്രസിദ്ധീകരണം (87/23) | തനത് ഫണ്ട് | 10000 | 0 |
| ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പുതുക്കൽ (93/23) | തനത് ഫണ്ട് | 30000 | 0 |
| ഫ്രണ്ട് ഓഫീസിലേക്ക് പ്രിന്റർ, സ്കാനർ, കമ്പ്യൂട്ടർ വാങ്ങൽ (സ്പിൽ ഓവർ 49/23) | സി.എഫ്.സി | 23047 | 0 |
| പഞ്ചായത്ത് ഓഫീസിൽ ഇൻവെർട്ടർ സ്ഥാപിക്കൽ (സ്പിൽ ഓവർ 45/23) | സി.എഫ്.സി | 198600 | 0 |
| പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ (156/23) | തനത് ഫണ്ട് | 500000 | 0 |
| അംഗൻവാടിക്ക് സ്ഥലം വാങ്ങൽ വാർഡ്-4 (75/23) | തനത് ഫണ്ട് | 500000 | 0 |
| അംഗൻവാടിക്ക് സ്ഥലം വാങ്ങൽ വാർഡ്-10 (76/23) | തനത് ഫണ്ട് | 500000 | 0 |
| ടേക്ക് എ ബ്രേക്ക് പദ്ധതി തുക നൽകുന്നത് (199/23) | സി.എഫ്.സി | 45000 | 0 |
| കമ്പോസ്റ്റ് കുഴി നിർമ്മാണം മെറ്റീരിയൽ ഘടകം കൺവർജ്ജൻസ് എം.ജി.എൻ.ആർ.ഇ.ജി.എസ് വാർഡ്-1 (177/23) | മറ്റുള്ളവ | 50000 | 0 |

തുക ചെലവഴിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.17/2022-23 -ന് (തീയതി-13.10.2023) മറുപടി ലഭ്യമാക്കാത്തതിനാലും പ്രസ്തുത പ്രോജക്ട് ഫയലുകൾ ഹാജരാക്കാത്തതിനാലും ചെലവുണ്ടോയെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി പ്രോജക്ടുകളെ സംബന്ധിയായ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും പ്രോജക്ട് നടപ്പിലാക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-32 ചികിത്സാ സഹായം രേഖകൾ ലഭ്യമാക്കിയില്ല - ചെലവ് തുകയായ 48000/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആശ്വാസ്-ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ചികിത്സാസഹായം |
| പ്രോജക്ട് നം | 157/23 |
| അടങ്കൽ തുക | 48000/- |
| ചെലവ് തുക | 48000/- |

| | |
|---|---|
| ചെക്ക് നം/തീയതി | 115087/30.03.2023 |
| നിർവ്വഹണം | സെക്രട്ടറി |

സബ്സിഡി മാർഗരേഖ ഖണ്ഡിക 7.6.7 വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരുമാസം പരമാവധി 4000/-രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകാവുന്നതാണ്.പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കാതെ ജില്ലാ പഞ്ചായത്തിന് തുക കൈമാറിയിരിക്കുന്നു.

2. പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിന് 48000/-രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3. ഗുണഭോക്താക്കൾ പഞ്ചായത്തിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. പദ്ധതി പ്രകാരം ജനറൽ കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
5. പദ്ധതിയുടെ ചെലവ് വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.18/2022-23-ന് (തീയതി-13.10.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

**സുലേഖ ചെലവ് പത്രിക പ്രകാരം**

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 78200 | കേദാരംനെൽകൃഷി വികസനം 147/23 | 78200 | 0 |
| | | 0 | 133875 | സ്നേഹസ്പർശം8/23 | 133875 | 0 |
| | | 0 | 200000 | ക്ഷീരസമൃദ്ധി 165/23 | 200000 | 0 |
| ആകെ | | 0 | **412075** | | **412075** | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 78200 | കേദാരംനെൽകൃഷി വികസനം 147/23 | 78200 | 0 |
| | | 0 | 63000 | ഹരിതഭവനം120/23 | 63000 | 0 |

| | | | | | |
|---|---|---|---|---|---|
| | 0 | 133875 | സ്നേഹസ്പർശം8/23 | 133875 | 0 |
| | **0** | 150000 | ക്ഷീരസമൃദ്ധി 165/23 | 150000 | 0 |
| **ആകെ** | **0** | **425075** | | **425075** | **0** |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | 2021-22 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് (വാർഷിക ധനകാര്യ പത്രിക പ്രകാരം) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | **412075** | **412075** | **412075** | 0 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 | **425075** | **425075** | **425075** | 0 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഡെപ്പോസിറ്റിനത്തിൽ നൽകിയ തുകയുടെ വിശദാംശം സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നം: | തുക (ഫണ്ടിനം) | വിനിയോഗസാക്ഷ്യപത്രം ലഭ്യമായത് |
|---|---|---|
| 6/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 11,18,701/-(സി.എഫ്.സി ഗ്രാന്റ്) | 70915/- രൂപ |
| 188/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 4 | 94400/- (തനതുഫണ്ട്) | 0 |
| ആകെ | 12,13,101/- | 70915 |

വാർഷിക ധനകാര്യ പത്രികയിൽ ഡെപ്പോസിറ്റ് വർക്കിനത്തിൽ തൻവർഷ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം 1142186/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാനവശേഷിക്കുന്നു. ആയത് വാർഷിക ധനകാര്യപത്രികയിൽ (B-18) ഉൾപ്പെടുത്തിയിട്ടില്ല .

വാർഷിക ധനകാര്യ പത്രിക പ്രകാരം ഡെപ്പോസിറ്റിനത്തിലെ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഓപ്പണിംഗ് ബാലൻസ് (2021-22 AFS B-18 ഷെഡ്യൂൾ പ്രകാരം) | തൻ വർഷത്തെ ചെലവ് (2022-23 AFS RP-49 (P) ഷെഡ്യൂൾ പ്രകാരം ) | നീക്കിയിരിപ്പ് (2022-23 AFS B-18 ഷെഡ്യൂൾ പ്രകാരം ) |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 5,03,000/- | 0 | 5,03,000/- |
| കേരള ഇലക്ട്രിസിറ്റി | 23,99,561/- | 0 | 23,99,561/ |

| | | | |
|---|---|---|---|
| ബോർഡ് | | | |

ഓരോ ഇനത്തിലെയും ചെലവ് നിഷ്കർഷിച്ചിട്ടുള്ള ഹെഡുകളിൽ ബുക്ക് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മുൻ വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി വാർഷിക ധനകാര്യ പത്രികയിൽ ആയത് രേഖപ്പെടുത്തി ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സോഴ്സ് ഡിഡക്ഷൻ) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | ജി.ഒ(എം.എസ്) 68/18 തീയതി 15.05.2018 | 22017238 | 0 | 2073346 | 19943892 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 26021/- രൂപ ലഭ്യമായിട്ടുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമാക്കിയില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം** (വരവ് ചെലവുകൾ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ളതാണ്. ഇതിൽ സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല).

| | |
|---|---|
| മുന്നിരിപ്പ് | 1,84,19,556/- |
| ഓഡിറ്റ് വർഷത്തെ വരവ് | 2,65,65,705/- |
| ആകെ | 4,49,85,261/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 2,56,57,756/- |
| നീക്കിയിരിപ്പ് | 1,93,27,505/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,72,087 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1,40,000/- | മെഡിക്കൽ ഓഫീസർ, പരണിയം PHC |
| 1-25 | 2,82,919/- | ഡോ. ആനി ബ്രിസ്റ്റില്ല. വെറ്റിനറിസർജൻ |
| 1-29 | 8,01,168/- | സെക്രട്ടറി |
| 1-32 | 48,000/- | സെക്രട്ടറി. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ആനി ബ്രിസ്റ്റില്ല വെറ്റിനറി സർജൻ | തിരുപുറം ഗ്രാമപഞ്ചായത്ത് | സോണി കോട്ടേജ്, ബാലരാമപുരം |
| ഡോ. സുബി | മെഡിക്കൽ ഓഫീസർ, അമ്പൂരി ഗ്രാമപഞ്ചായത്ത്. | അനീഷ് വില്ല, ചാണി കാഞ്ഞിരംകുളം |
| ശ്രീ. ഹരി ജി.എസ്. | സെക്രട്ടറി, തിരുപുറം ഗ്രമപഞ്ചായത്ത്. | ഹരിഭവൻ, TBRA-33, LIC Road, Near VM Mil, Thirumalai. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ വിശദാംശം |
|---|---|---|---|
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 2 | 3-3,3-8 |

| | | | |
|---|---|---|---|
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 1 | 3-1(a,b,c) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 2 | 2-2,3-2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 2 | 3-14,3-17 |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 2095/2018 തീയതി ------- | 4 | |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 321/2019 തീയതി 04.06.2020 | 7 | |
| 2019-20 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 665/2021 തീയതി 31.03.2021 | 25 | |
| 2020-21 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 373/2022 തീയതി 27.05.2022 | 31 | |
| 2021-22 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ /2022 തീയതി | 33 | |

ഡെപ്യൂട്ടി ഡയറക്ടർ,(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 11-08-2023 and submitted on 11-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thirupuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thirupuram Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Thirupuram Grama Panchayat for the Year 2022-2023 .

**1.Major Observations**

1). Non disclosure of new Asset - New asset ( Rs.488604/- expended for purchase of vehicle for Haritha karma sena ) created in the financial year not included in the balance sheet.

2). Deficit balance for the institution as per the Income & Expenditure statement. Expenditure (Rs.133989672/-) exeeds income (Rs.128473589/-).

**2.Other Observations**

1. Lapse in timely submission of Annual Financial Statement for audit (within four months of the close of the financial year).

2. Depreciation provided for asset is more than the asset value of that particular item. Example is given below.

| Item | Asset value in AFS | Depreciation value in AFS |
|---|---|---|
| Road & Bridges | 1,35,72,766 | 3,02,92,900 |

3. Amount expended for Unemployment wages not included in the AFS ( Rs. 120/- BRN 22020252001801374226 Date : 24/3/2023 )

4. Opening balance in SBI e-payment account does not match with the closing balance in 2021-22( Difference Rs. 5/-)

5.Mandatory financial statements prescribed in accounting rules are not submitted for audit.

Annual Ratios and Notes on Accounts as per rule 62-2 (f) of Kerala Panchayat Raj Accounts Rules, 2011 are not filed with the annual financial statements.

6) Cash flow statement-Net increase/decrease in cashflow 907949/-does not match with the difference between the opening balance and closing balance of cash and cash equivalens(-31851580/-).

7.The valuation of stock and stores are not done at the end of the financial year and not included in B-14 Stock in hand (inventories) schedule.

8. Bank statements of the following accounts recorded in Annual Financial Statements are not produced for audit for verification.

| Account No | Closing Balance (RP40b) |
|---|---|
| Nationalised bank Account Of Own Revenue Fund | 2,13,713 /- |
| SBT (Own fund )-(57048217019) | 12,333/- |
| District Co-Operative Bank (20161201200012) | 32,65,164/- |

9. Necessary registers are not maintained to validate the amounts in the annual accounts .
Since the deposit register, advance register and loan register have not been maintained, audit cannot verify the accuracy of the entries.

10. The Receipt amount in respect of MGNREGS administrative expense included in RP- 30 schedule (13,22,164/-) does not match with the bank statemement (1409909/-)
11. As per reconciliation report of Canara Bank own fund Account (A/c.No.11037464360) dated March 2023 the deposited cheques (Rs.47490/-) remain uncashed.
12. An amount of Rs.120/- expended for unemployment allowance has not been included annual financial statement.
13. An amount of Rs.1142186/- deposited with KSEB for which utilization certificate not received has not been included in B-18 schedule of balance sheet .

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്